# ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ്.

## ഹാജർ : ശ്രീ. കെ. ശശി.. ബി.എസ്.സി (എഞ്ചിനീയറിംഗ്)

വിഷയം : ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് – വിവിധ ഫീസ് നിരക്കുകൾപുതുക്കി നിശ്ചയിക്കുന്നത്– സംബന്ധിച്ച്–

**<u>ഉത്തരവ് നമ്പർ ജി1/2060/2012/ഫാ&ബോ.തീയതി 07.10.2014</u>**

പരാമർശം ; ഗവണ്മെന്റ് ഉത്തരവ് (P) നമ്പർ 409/2014/FIN. തീയതി 23.09.2014.

## <u>ഉത്തരവ്</u>

സർക്കാരിന്റെ അധിക ധന സമാഹരണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഫീസ്, സേവന നികുതികൾ, അപേക്ഷാ ഫീസ്, പിഴ, മറ്റ് സർക്കാർ സേവനങ്ങളുടെ തുക ഇവ വർദ്ധിപ്പിക്കാൻമേൽ പരാമർശപ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പചുമത്തുന്ന ഫാക്ടറി രജിസ്ട്രേഷൻഫീസ്, ലൈസൻസ് പുതുക്കൽ ഫീസ്, പ്ലാൻ അപ്രൂവൽ ഫീസ്, പ്ലാൻ അപ്രൂവൽ എക്സ്റ്റൻഷൻ ഫീസ്, ഭേദഗതി ഫീസ്, കൈമാറ്റ് ഫീസ്, പിഴ, ബോയിലർ രജിസ്ട്രേഷൻ ഫീസ്, സ്റ്റീം ലൈൻ ഫീസ്, ബോയിലർ ഇൻസ്പെക്ഷൻ ഫീസ്, സ്റ്റീം ലൈൻ ഇൻസ്പെക്ഷൻ ഫീസ്, ബോയിലർ അറ്റന്റന്റ് കോമ്പിറ്റൻസി എക്സാമിനേഷൻ ഫീസ്, ബോയിലർ ഓപ്പറേഷൻ എഞ്ചിനിയേഴ്സ് എക്സാമിനേഷൻ ഫീസ്, ഡിസൈൻ, ഡ്രോയിംഗ് സ്ക്രൂട്ടനി ഫീസ്, വെൽഡേഴ്സ് ടെസ്റ്റ് ഫീസ്, എൻഡോഴ്സ്മെന്റ് ഫീസ്, വൈദ്യപരിശോധനാ ഫീസ് തുടങ്ങി വകുപ്പിലെ നിലവിലുള്ള എല്ലാ ഫീസുകളിൻ മേലും മേൽ സർക്കാർ ഉത്തരവ് അനുസരിച്ച് താഴെപ്പറയുന്ന വിധത്തിൽ മാറ്റങ്ങൾ വരുത്തി ഉത്തരവാകുന്നു

| നിലവിലുള്ള ഫീസ്/ ചാർജ്ജ് | പുതുക്കിയ നിരക്ക് (ശതമാനത്തിൽ) വർദ്ധനവ് |
|---|---|
| 10 രൂപാ വരെ | മാറ്റമില്ല |
| 10 രൂപയ്ക്ക് മുകളിൽ 1000 രൂപ വരെ. | 50% |
| 1000 രൂപയ്ക്ക് മുകളിൽ 10000 രൂപ വരെ. | 25% |
| 10000 രൂപയ്ക്ക് മുകളിൽ | 15% |

.

മേല്പ്പറഞ്ഞ വിധത്തിലുള്ള നിരക്ക് വർദ്ധന 01.10.2014 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്

ഒപ്പ്

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ

എല്ലാ ഉപ ഓഫീസുകൾക്കും